കേരളകൗമുദി 14 March 2024



# വനിതാ സംരംഭകർക്ക് ആദരം

കൊച്ചി: മത്സ്യമേഖലയിലെ മികവുകൾക്ക് മുനമ്പം സ്വദേശി ഐവി ജോസ്, ആലപ്പുഴ ഓണാട്ടുകര സ്വദേശി കെ.ജി. രതികുമാരി എന്നിവരെ കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ആദരിച്ചു. വനിതാദിനത്തോടനുബന്ധിച്ച് ഡയറക്ടർ ഡോ. എ . ഗോപാലകൃഷ്ണൻ അംഗീകാരപത്രം കൈമാറി. മുനമ്പം ഹാർബറിനടുത്ത് മത്സ്യവല നിർമ്മാണ യൂണിറ്റ് നടത്തുന്ന ഐവി, സി.എം.എഫ്.ആർ.ഐ. യുടെ കൃഷി വിജ്ഞാന കേന്ദ്രത്തിലാണ് പരിശീലനം നേടിയത്. രതികുമാരിക്ക് സി.എം.എഫ്.ആർ.ഐയും മാർഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ഡോ. എ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.